# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ :2892.

20.03.2015 -ൽ മറുപടിയ്ക്ക്

## നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിക്കുവാൻ നടപടി

ചോദ്യം
ശ്രീ. ജി. സുധാകരൻ.

ഉത്തരം
ശ്രീ.അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും
ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആലപ്പുഴ ജില്ലയിൽ നെല്ല് സംഭരിച്ച ഇനത്തിൽ കർഷകർക്ക് എന്തു തുക നൽകുവാനുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) | ആലപ്പുഴ ജില്ലയിൽ നിന്ന് 2014 -15 രണ്ടാം സീസണിൽ ഇതുവരെ സപ്ലൈകോ 73460.00 ക്വിന്റൽ നെല്ല് സംഭരിച്ചു. ആയതിന്റെ വിലയായ 13,95,74,000 രൂപയിൽ 3,18,01,098 രൂപ കർഷകർക്ക് നൽകി കഴിഞ്ഞു. ഇനി 10,77,72,902 രൂപ നൽകുവാനുണ്ട്. |
| (ബി) | കർഷകർ ഉല്പാദിപ്പിച്ച മുഴുവൻ നെല്ലും സംഭരിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതി പ്രകാരമാണ് സംസ്ഥാനത്തെ കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുവാൻ സിവിൽ സപ്ലൈസ് കോർപ്പറേഷനെ സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതിപ്രകാരം കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന നിശ്ചിത ഗുണനിലവാരമുള്ള നെല്ല് മാത്രമാണ് സംഭരിക്കേണ്ടത്. സപ്ലൈകോയിൽ രജിസ്റ്റർ ചെയ്യുന്ന കർഷകരുടെ നിശ്ചിത ഗുണനിലവാരമുള്ള നെല്ല് സപ്ലൈകോ സംഭരിച്ചു വരുന്നു. |
| (സി) | വർദ്ധിപ്പിച്ച ഉല്പാദന ചെലവിന്റെ അടിസ്ഥാനത്തിൽ സംഭരണ വില വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | കേന്ദ്ര സംസ്ഥാന ഉത്തരവുകൾ പ്രകാരം സപ്ലൈകോ നിലവിൽ കിലോയ്ക്ക് 19 രൂപ നിരക്കിലാണ് നെല്ല് സംഭരിക്കുന്നത്. ഇതിൽ 13.60 രൂപ കേന്ദ്ര വിഹിതവും 5.40 രൂപ സംസ്ഥാന വിഹിതവുമാണ്. നെല്ലിന്റെ സംഭരണവില വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

Beena

സെക്ഷൻ ഓഫീസർ.